സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

DESPATCHED On 17/06/2020

31-1-20

# ഹർജി നമ്പർ AP.No.453(5)/19/SIC

## തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No.4799/SIC-G7/2019

**സന്നിഹിത**
**ശ്രീമതി ശ്രീലത പി.ആർ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എം. രവീന്ദ്രൻ,
യശോദം,
നിയർ ഗ്രോടെക് ഐടിഐ,
പുതിയവളപ്പ്, കോട്ടച്ചേരി,
കാഞ്ഞങ്ങാട് പി.ഒ, കാസർഗോഡ്– 671 315.
} അപ്പീൽ ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
മുൻസിപ്പൽ എൻജിനീയറുടെ കാര്യാലയം,
എൽ. എസ്.ജി.ഡി എൻജിനീയറിംഗ് വിംഗ്,
കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി,
കാസർഗോഡ്.

അപ്പീൽ അധികാരി & അസിസ്റ്റന്റ് എൻജിനീയർ,
എൽ. എസ്.ജി.ഡി എൻജിനീയറിംഗ് വിഭാഗം,
കാഞ്ഞങ്ങാട് നഗരസഭ
} എതിർകക്ഷികൾ

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 07.09.2018 |
| ഒന്നാം എതിർകക്ഷിയുടെ മറുപടി | 06.10.2018 |
| ഒന്നാം അപ്പീൽ | 31.10.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 06.12.2018 |
| രണ്ടാം അപ്പീൽ | 22.03.2019 |
| ഹിയറിംഗ് തീയതി, സ്ഥലം | 02.07.2019, വീഡിയോ കോൺഫറൻസ് ഹാൾ, കാസറഗോഡ്. |
| എതിർകക്ഷി<br><br>അപ്പീൽഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു. |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.
   a. ഷീറ്റ് വെച്ച് മറച്ചതിന് ബിൽഡിംഗ് നമ്പർ നൽകാൻ പ്രസ്തുത സ്ഥാപനം കൊമേഴ്സ്യലൈസ്ഡ് ബിൽഡിംഗാണോ അതോ റസിഡൻഷ്യൽ ബിൽഡിംഗ് ആണോ
   b. പ്രസ്തുത സ്ഥാപനത്തിന് നികുതി ഈടാക്കുന്നുണ്ടോ, ഏത് ഇനത്തിൽപ്പെടുത്തിയാണ് നികുതി ഈടാക്കുന്നത്, എത്ര രൂപയാണ് നികുതി പിരിക്കുന്നത്
   c. എപ്പോഴാണ് ബിൽഡിംഗ് നമ്പർ നൽകിയിരിക്കുന്നത്

d. യാതൊരു രേഖയും ഹാജരാക്കാതിരുന്നിട്ടും തികച്ചും അനധികൃതമാണെന്ന് കണ്ടെത്തിയിട്ടും എങ്ങനെയാണ് ബിൽഡിംഗ് നമ്പർ നൽകിയിരിക്കുന്നത്

e. സ്ഥാപനത്തിന്റെ സ്കെച്ചും പ്ലാനും

f. പ്രസ്തുത സ്ഥാപനത്തിന് ബിൽഡിംഗ് നമ്പർ KMC. 1/1357 A പ്രകാരം നൽകിയ രേഖയുടെയും നമ്പർ കിട്ടുവാനായി കക്ഷി നൽകിയ രേഖയുടെയും പകർപ്പ്

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി ലഭ്യമാക്കാത്തതിനെ തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയുണ്ടായി. അപ്പീൽഹർജിക്കാരന്റെ ഒന്നാം അപ്പീൽ പരിശോധിച്ച അപ്പീൽ അധികാരി, പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ ഒന്നാമത്തെ ചോദ്യത്തിനുള്ള മറുപടി തൃപ്തികരല്ല എന്ന് ബോദ്ധ്യപ്പെടുകയും തുടർന്ന് പ്രസ്തുത ചോദ്യത്തിന് ഒരിക്കൽ കൂടി മറുപടി അയച്ചു നൽകുവാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയും ബാക്കി ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ കൃത്യമായ മറുപടി തന്നെയാണ് നൽകിയിരിക്കുന്നത് എന്ന് ബോദ്ധ്യപ്പെടുകയും ഇപ്രകാരം ഒന്നാം അപ്പീൽ തീർപ്പാക്കുകയും ഉണ്ടായി.

3. ഒന്നും രണ്ടും എതിർകക്ഷികളുടെ മറുപടിയിൽ തൃപ്തനകാതിരുന്ന അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, പ്രസ്തുത വിവരാവകാശ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യത്തിന് വ്യക്തമായും തൃപ്തികരമായും മറുപടി ലഭ്യമായിട്ടില്ല എന്നാണ്.

4. അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകിയിരിന്നു എന്നും 12.09.2018 ന് ഓഫീസിൽ ലഭ്യമായ അപേക്ഷയ്ക്ക് 06.10.2018 ന് മറുപടി നൽകിയിരുന്നു എന്നും ടിയാൻ ഒന്നാം അപ്പീൽ നൽകിയതിനെ തുടർന്ന് ഒരിക്കൽ കൂടി വ്യക്തമായ മറുപടി നൽകിയിരുന്നു എന്നും അപ്പീൽഹർജിക്കാരന് കൂടുതൽ വിവരങ്ങൾ അല്ലെങ്കിൽ ഫയലിന്റെ പകർപ്പ് എന്നിവ ആവശ്യമെങ്കിൽ ആയതിനായി നഗരസഭയെ സമീപിക്കാം എന്നുംമറ്റുമാണ് കമ്മീഷൻ മുമ്പാകെ ഒന്നാം എതിർകക്ഷി മൊഴി നൽകിയത്.

5. മേൽ വിഷയുവാമയി ബന്ധപ്പെട്ട് ഒന്നാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ അറിയിക്കുന്നത്, നഗരസഭയിൽ ലഭ്യമായ രേഖകൾ പരിശോധിച്ച് അപേക്ഷകൻ ആവശ്യപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും നഗരസഭ മറുപടി നൽകിയിട്ടുള്ളതാണെന്നും പരാതിക്കാസ്പദമായ പ്രസ്തുത കെട്ടിടം ഷീറ്റ് റൂഫ്ഡ് ഷെഡ് ആണെന്നും 20.10.2002ലാണ് പ്രസ്തുത ഷെഡിന്റെ നിർമ്മാണം നടത്തിയിട്ടുള്ളത് എന്നും ആയതിന് നഗരസഭ കൊമേർഷ്യൽ കാറ്റഗറിയിൽപ്പെടുത്തി നികുതി ഈടാക്കുന്നു എന്നും ടി കെട്ടിടം റോഡിൽ നിന്ന് നിയമാനുസൃത അകലം പാലിക്കുന്നില്ല എന്ന് കാസർഗോഡ് ടൗൺ പ്ലാനർ പരിശോധിച്ച് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി കൂട്ടിയെടുത്ത ഭാഗം പൊളിച്ച് നീക്കുന്നതിന് നഗരസഭ പ്രൊവിഷണൽ കല്പന നൽകിയിട്ടുള്ളതാണ് എന്നും ആയതിന് കെട്ടിട ഉടമ നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ പ്രൊവിഷണൽ ഓർഡർ സ്ഥിരപ്പെടുത്തി നൽകിയിട്ടുള്ളതാണെന്നും അനധികൃതമായി റോഡിലേയ്ക്ക് കൂട്ടി എടുത്ത ഭാഗം പൊളിച്ച് നീക്കുന്നതിന് നഗരസഭ നോട്ടീസ് നൽകിയിട്ടുണ്ട് എന്നും ടി വിഷയത്തിൽ നിയമാനുസൃതമായ തുടർനടപടി സ്വീകരിക്കുന്നതാണ് എന്നുമാണ്.

6. അപ്പീൽ ഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിക്കുമ്പോൾ, അപ്പീൽഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് പൂർണമായ വിവരം ലഭ്യമാക്കിയിട്ടില്ല എന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടു. മേപ്പടി വിവരാവകാശ അപേക്ഷയിലെ ഒന്നാമത്തെ ചോദ്യമായ ഷീറ്റ് വെച്ച് മറച്ചതിന് ബിൽഡിംഗ് നമ്പർ നൽകാൻ പ്രസ്തുത സ്ഥാപനം കൊമേഴ്സ്യലൈസ്ഡ് ബിൽഡിംഗാണോ അതോ റസിഡൻഷ്യൽ ബിൽഡിംഗ് ആണോ എന്നതിന് വ്യക്തമായ വിവരം നൽകാൻ അപ്പീൽ അധികാരി ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായും കാണുന്നു. എന്നിട്ടും വ്യക്തമായ ഒരു വിവരം നൽകുവാൻ ഒന്നാം എതിർകക്ഷി തയ്യാറായിട്ടില്ല. **ഈ സാഹചര്യത്തിൽ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള ബിൽഡിംഗിനെ കുറിച്ചുള്ള വിവരം നൽകുന്നതിലേയ്ക്കായി പ്രസ്തുത സ്ഥലവും ബിൽഡിംഗും നേരിട്ട് പരിശോധിച്ച് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനുള്ളിൽ ടിയാന് മറുപടി നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്.** പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട മറ്റുവിവരങ്ങൾ ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെടുകയുണ്ടായി.

7. ഇപ്രകാരം ഈ അപ്പീൽഹർജി **ഇന്നേദിവസം 2020 ജനുവരി 31-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
**ശ്രീലത. പി. ആർ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM